**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോട്ടയം നഗരസഭയുടെ ഭാഗമായ മുൻ നാട്ടകം ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം നഴ്സറി ടീച്ചറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. സോമിനി ഷിബുവിനെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 36/ 2019/ ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 13/ 03/ 2019**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 03/ 04/ 2013 ലെ WP(C) 31784/ 10 നം. വിധിന്യായം.

2. നഗരകാര്യ ഡയറക്ടറുടെ 30.09.2013 ലെ ജി2- 15541/ 2010 നം. കത്ത്.

3. ശ്രീമതി. സോമിനി ഷിബു സമർപ്പിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ

4. പഞ്ചായത്ത് ഡയറക്ടറുടെ 12.06.2013, 23.12.2015, 28.11.2017, 16.05.2018, 24.09.2018 തീയതികളിലെ ഇ 9-13257/ 13 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായ മുൻ നാട്ടകം ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം 01/ 04/ 1997 മുതൽ നഴ്സറി ടീച്ചറായി ജോലി ചെയ്തുവന്ന ശ്രീമതി. സോമിനി ഷിബു ടിയാളെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരം തസ്തികയിൽ നിയമിക്കണമെന്നാവശ്യപ്പെട്ട് WP(C) 31794/ 10 ഹർജി ഫയൽ ചെയ്യുകയും ആയതിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തി ഹർജിക്കാരിയെ നേരിൽ കേട്ട് റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം സർക്കാരിന് സമർപ്പിക്കാനും ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാതിക്കാരിയെ നേരിൽ കേൾക്കുകയും ലഭ്യമായ രേഖകൾ പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി. സോമിനി ഷിബു നാട്ടകം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 01/ 04/ 1997 മുതൽ നഴ്സറി ടീച്ചറായി തുടർച്ചയായി സേവനമനുഷ്ഠിച്ച് വരുന്നുണ്ടെന്നും പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരെ സ്ഥിരപ്പെടുത്തിയ 06/ 08/ 2010 ലെ ജി.ഒ(എം.എസ്) 170/ 2010/തസ്വഭവ എന്ന ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ മേൽ സൂചിപ്പിച്ച കോടതികേസുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച വസ്തുതാ വിവരണ പത്രിക പ്രകാരം ശ്രീമതി. സോമിനി ഷിബു സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനത്തിലാണ് ജോലി ചെയ്തു വരുന്നതെന്നും പതിനൊന്നിന പരിപാടി പ്രകാരം നിയമിക്കപ്പെട്ടയാളല്ലെന്നും മേൽ സാഹചര്യത്തിൽ എക്സിബിറ്റ് പി.1 & പി6 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തലിന് അർഹതയില്ലെന്നും രേഖപ്പെടുത്തിയിരുന്നു. സഉ(പി) 88/ 10/തസ്വഭവ തീയതി 3/ 05/ 2010, സഉ(പി) 170/ 10/തസ്വഭവ തീയതി 06/ 08/ 2010 എന്നീ ഉത്തരവുകൾ പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരെ മാത്രം സ്ഥിരപ്പെടുത്താൻ

ഉദ്ദേശിച്ചിട്ടുള്ളവയാണ്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ കത്തുകളിൽ ശ്രീമതി. സോമിനി ഷിബു പതിനൊന്നിന പരിപാടി പ്രകാരം സേവനമനുഷ്ഠിക്കുന്നുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വിരുദ്ധങ്ങളായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള സാഹചര്യം വിശദീകരിക്കുവാനും ഈ വിഷയത്തിലെ നിജസ്ഥിതി വ്യക്തമാക്കുവാനും പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയുമുണ്ടായി. പതിനൊന്നിന പരിപാടിയിൽ ഉൾപ്പെട്ട റിക്കാർഡുകൾ, വിവരശേഖരണ ഫോറം എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്ന് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്നും നാട്ടകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വ്യത്യസ്ഥമായ റിപ്പോർട്ടുകൾ നൽകാൻ സാഹചര്യം ഒരുങ്ങിയതെന്നും വിശദീകരിക്കുകയും ലഭ്യമായ രേഖകൾ പരിശോധിച്ചതിലും ഹർജിക്കാരിയെ നേരിൽക്കേട്ടതിലും വച്ച് ശ്രീമതി സോമിനി ഷിബു നാട്ടകം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം 01/04/1997 മുതൽ ഹോണറേറിയം വ്യവസ്ഥയിൽ നഴ്സറി ടീച്ചറായി തുടർച്ചയായി സേവനമനുഷ്ഠിച്ച് വരുന്നതായും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ബഹു. കേരള ഹൈക്കോടതിയുടെ 03/04/2013 ലെ WP(C) No. 31784/10 വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി. സോമിനി ഷിബുവിന്റെ നിയമനം ക്രമവൽക്കരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് സർക്കാർ നിർദേശം നല്കിയിരുന്നു. കോട്ടയം നഗരസഭയോട് കൂട്ടിചേർത്ത മുൻ നാട്ടകം പഞ്ചായത്തിൽ പതിനൊന്നിന പരിപാടിയിൻ കീഴിൽ ഹോണറേറിയം വ്യവസ്ഥയിൽ നഴ്സറി ടീച്ചറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സോമിനി ഷിബുവിനെ സ്ഥിരപ്പെടുത്തുന്നതിനായി നഗരസഭയിൽ പാർട്ട് ടൈം തസ്തിക ഇല്ലാത്തതിനാൽ പുതിയ പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിനായി സർക്കാർ അനുമതിയ്ക്കായി നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചു. എന്നാൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ പാർട്ട്ടൈം കണ്ടിജന്റ് തസ്തിക നിലവിലില്ല. നഗരസഭയിൽ പാർട്ട്ടൈം തസ്തിക ഇല്ലാത്തതിനാൽ അടുത്തുള്ള ഒരു ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരനിയമനം നൽകണമെന്ന് ശ്രീമതി. സോമിനി ഷിബു പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിൻമേൽ, കോട്ടയം ജില്ലയിലെ ചെമ്പ്, പള്ളിക്കത്തോട്, പൂഞ്ഞാർ ഗ്രാമപഞ്ചായത്തുകളിൽ പാർട്ട് ടൈം തസ്തിക ഒഴിവുള്ളതായും അതിൽ ചെമ്പ്, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തുകളിലെ ഒഴിവ് ലോക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ താൽക്കാലിക ജീവനക്കാരി ഫയൽ ചെയ്ത OA 2078/2017 നമ്പർ ഹർജിയിൽ ആറ് ആഴ്ചത്തേക്ക് തൽസ്ഥിതി തുടരാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 31.10.2017 ൽ ഉത്തരവായിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറ്കടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സോമിനി ഷിബു നഴ്സറി ടീച്ചറായി നാട്ടകം പഞ്ചായത്തിൽ 01.04.1997 മുതൽ 01.11.2010 വരെ (2010 ൽനാട്ടകം ഗ്രാമപഞ്ചായത്ത് കോട്ടയം മുനിസിപ്പാലിറ്റിയിൽ ലയിപ്പിച്ചു) തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നാട്ടകം ഗ്രാമപഞ്ചായത്ത് പതിനൊന്നിന പരിപടി പ്രകാരം നിർമ്മിച്ച ചിങ്ങവനം നഴ്സറി സ്കൂളിൽ ടീച്ചറായി നിയമിക്കപ്പെട്ട് 01.04.1997 മുതൽ ജോലി ചെയ്തിരുന്ന ശ്രീമതി. സോമിനി ഷിബുവിനെ സ്ഥിരപ്പെടുത്തുന്നതിനു ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.06.2010 ലെ യോഗം 13-ാം നമ്പർ തീരുമാനമായി കൈക്കൊണ്ടു. എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.09.2010 ലെ II(4) നമ്പർ തീരുമാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പഞ്ചായത്ത് ആരംഭിച്ച നാട്ടകം ബേബി ക്രഷ് എന്ന സ്ഥാപനത്തിലാണ് ശ്രീമതി. സോമിനി ഷിബുവിനെ നിയമിച്ചതെന്ന് പറയുന്നു. 20.09.2010 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം തെറ്റാണെന്നും പതിനൊന്നിന പരിപാടിയുടെ കീഴിലാണ് ടിയാളെ നിയമിച്ചതെന്നും രേഖകൾ പരിശോധിച്ചു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. സോമിനി

ഷിബുവിന്റെ നിയമനത്തിൽ അവ്യക്തത നിലനിന്നതിനാലാണ് പതിനൊന്നിന പരിപാടിയിൽ നിയമിച്ച നേഴ്സറി ടീച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം വിവരശേഖരണം നടത്തിയതിൽ ടിയാളുടെ വിവരം ഉൾപ്പെടാഞ്ഞതെന്നു കാണുന്നു. സർക്കാർ ഉത്തരവ് പ്രകാരം പതിനൊന്നിന പരിപാടിയിൽ ഉൾപ്പെട്ട റെക്കോർഡുകൾ, വിവരശേഖരണ ഫോറം എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്ന് കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിലാണ് അപേക്ഷ യഥാസമയം സമർപ്പിക്കാൻ കഴിയാതെയിരുന്നതെന്ന് നാട്ടകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാലാണ് പഞ്ചായത്ത് ഡയറകടറുടെ ഓഫിസിൽ നിന്നും സർക്കാരിൽ സമർപ്പിച്ച ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്താൻ കഴിയാതെ വന്നത്.

പതിനൊന്നിന പരിപാടിയുടെ ഭാഗമായി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയ മറ്റ് നഴ്സറി ടീച്ചർമാരെ പോലെ ശ്രീമതി. സോമിനി ഷിബുവിന് അർഹതയുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിലും പഞ്ചായത്ത് ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും കോട്ടയം നഗരസഭയിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തിക ഇല്ലാത്ത സാഹചര്യത്തിൽ അടുത്തുള്ള ഒരു ഗ്രാമപഞ്ചായത്തിൽ നിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, കോട്ടയം ജില്ലയിലെ തന്നെ പ്രസ്തുത തസ്തിക ഒഴിവുള്ള ചെമ്പ്, പള്ളിക്കത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളിലേതിലെങ്കിലും ശ്രീമതി. സോമിനി ഷിബുവിന് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി ഉത്തരവ് തീയതി പ്രാബല്യത്തിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല.
ശ്രീമതി. സോമിനി ഷിബു, മാലത്തുശ്ശേരിൽ വീട്, ചിങ്ങവനം. പി.ഒ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/2/2018-Fin. തീയതി 08.02.2019 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/10/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja M

സെക്ഷൻ ഓഫീസർ